(സി) പ്രസ്തുത പ്രോജക്ടുകൾ സംസ്ഥാനത്തെ കാർഷികമേഖലയെ ഏത് രീതിയിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ കാർഷിക മേഖലയിൽ മൂല്യവർദ്ധന പ്രോജക്ടുകൾ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ മൂല്യവർദ്ധനവിനുള്ള പ്രോജക്ട് 2012-13 പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൽനിന്ന് നീര ഉണ്ടാക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല പദ്ധതി നടപ്പാക്കി വരുന്നു. പത്തനംതിട്ട സി. എ. ആർ.ഡി. കൃഷി വിജ്ഞാന കേന്ദ്രം മുഖേന ചക്കയുടെ മൂല്യവർദ്ധനവിനായും എസ്.എഫ്. എ.സി. മുഖേന നാളീകേരത്തിന്റെയും പഴം, പച്ചക്കറി, സുഗന്ധ വ്യജ്ഞനങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവിനും എൻ.ഐ.ഐ.എസ്.റ്റി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് & ടെക്നോളജി)യും മിൽമയും ചേർന്ന് ഇഞ്ചിയുടെ സംസ്കരണത്തിനായും കോന്നിയിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് സ്ഥാപനം മുഖേന പഴം, പച്ചക്കറികളുടെ മൂല്യ വർദ്ധനവിനുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്ത് കാർഷികോത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നു. സീസണിൽ അധികം ഉത്പാദനംമൂലം സ്വാഭാവികമായുണ്ടാകുന്ന വിലക്കുറവും ഉത്പന്നങ്ങളുടെ തന്നെ നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനും അതിലൂടെ ഉത്പാദകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും തദ്വാരാ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. സംരംഭകർക്ക് കാർഷികാധിഷ്ടിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ഗ്രാമീണമേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിലൂടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് വർഷം മുഴുവനും സീസൺ ഉത്പന്നങ്ങൾ ലഭ്യമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതിക്ക് ഏറെ സഹായകമാണ് ഈ പദ്ധതികൾ. ഇതിലൂടെ ധാരാളം വിദേശനാണ്യം ലഭ്യമാക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനും സഹായകമായിട്ടുണ്ട്.

സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതി

22 (*712) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് ;
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമവികസന വകുപ്പ് നടപ്പാക്കിവരുന്ന സംയോജിത നീർത്തട മാനേജ്മെന്റ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയിൻകീഴിൽ എത്ര പ്രോജക്ടുകൾക്കാണ് കേന്ദ്രാനുമതി ലഭിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) മണ്ണ്-ജലസംരക്ഷണം പദ്ധതിപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും മണ്ണും ജലവും ജൈവസമ്പത്തും തമ്മിലുള്ള സ്വാഭാവിക ജൈവബന്ധം നിലനിർത്തുന്നതിനും എത്ര കോടി രൂപയ്ക്കുള്ള പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കിയതെന്ന് വിശദമാക്കുമോ ;

(ഡി) ഇവ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) മണ്ണും ജലവും ജൈവ സമ്പത്തും തമ്മിലുണ്ടാകേണ്ട സ്വാഭാവിക ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവ സന്തുലിതാവസ്ഥ നിലനിർത്തുകയുമാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ലക്ഷ്യം. മഴവെള്ളം പരമാവധി സംഭരിക്കാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജലലഭ്യത ഉറപ്പാക്കുകയും ഭൂഗർഭ ജലവിതാനം ക്രമമായി ഉയർത്തിക്കൊണ്ടുവരാനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) നാളിതുവരെ 71 പ്രോജക്ടുകൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 502.53 കോടി രൂപയുടെ പ്രവൃത്തികളാണ് ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കാനായി അനുവദിക്കപ്പെട്ടത്. ഇതിൽ 29.59 കോടി രൂപ ലഭ്യമായതിൽ 20 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനതല നിർവ്വഹണത്തിനായി State Level Nodal Agency രൂപീകരിച്ചു. കാർഷികോത്പാദന കമ്മീഷണർ ചെയർമാനും ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ് ജില്ലാതലങ്ങളിൽ WCDC-യും ബ്ലോക്ക് തലങ്ങളിൽ WDT-യും രൂപീകരിച്ചിട്ടുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ വഴി യന്ത്ര സാമഗ്രികൾ

23 (*713) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്ക് കാർഷികവൃത്തി കൂടുതൽ എളുപ്പമുള്ളതാക്കാൻ സഹായിക്കുന്ന യന്ത്രസാമഗ്രികൾ നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly